**കേരള സർക്കാർ**
**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**
**ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,**
**വെബ്സൈറ്റ്: www.prd.kerala.gov.in**

---

**പത്രക്കുറിപ്പ് 1 'ഭരണഭാഷ-മാതൃഭാഷ' 2018 നവംബർ 16 വെള്ളി**

**ജാഗ്രതാ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇറക്കുന്ന പ്രത്യേക പത്രക്കുറിപ്പ്**

# തെക്കൻ ബംഗാൾ ഉൾക്കടലിൽ രൂപം കൊ ഗജ ചുഴലിക്കാറ്റിനെ തുടർന്ന് ജില്ലയിൽ ജാഗ്രതാ നിർദ്ദേശം

- **മത്സ്യത്തൊഴിലാളികൾ നവംബർ 20 വരെ കടലിൽ പോകരുത്**

ആലപ്പുഴ: നിലവിലെ അനുമാനം അനുസരിച്ച്, തമിഴ്നാട്ടിൽ പ്രവേശിച്ച ഗജ ചുഴലിക്കാറ്റ് ഒരു തീവ്ര ന്യുനമർദമായി ശക്തി കുറഞ്ഞ് മധ്യകേരളത്തിലൂടെ, കിഴക്ക് നിന്നും പടിഞ്ഞാറ് ദിശയിൽ, തമിഴ് നാട്ടിൽ നിന്നും അറബി കടലിലേക്ക് സഞ്ചരിക്കുമെന്ന് കാലാവസ്ഥാ കേന്ദ്രം അറിയിക്കുന്നു. ഗജ ചുഴലിക്കാറ്റിന്റെ പ്രഭാവത്തിൽ ഇന്ന് (നവംബർ 16) കൊല്ലം മുതൽ മലപ്പുറം വരെയുള്ള ജില്ലകളിൽ അതി ശക്തമായ് കാറ്റ് (മണിക്കൂറിൽ 30-40 കിമി മുതൽ ചില സമയങ്ങളിൽ 50 കിമി വരെ വേഗത്തിൽ) വീശുവാൻ സാധ്യത ഉ ്. ഈ സാഹചര്യത്തിൽ പൊതുജനങ്ങൾ വാഹനങ്ങൾ മരങ്ങളുടെ കീഴിൽ പാർക്ക് ചെയ്യാതെയിരിക്കുവാനും, ബലഹീനമായ വൈദ്യുത-ടെലിഫോൺ പോസ്റ്റുകളുടെ ചുവട്ടിൽ നിന്ന് മാറി നിൽക്കുവാനും ശ്രദ്ധിക്കണമെന്ന് ജില്ലാ ദുരന്ത നിവാരണ അതോറിട്ടി അറിയിക്കുന്നു. ഗജ ചുഴലിക്കാറ്റിൻറെ പ്രഭാവത്തിൽ കേരളത്തിൽ എല്ലാ ജില്ലകളിലും മഴ ലഭിക്കുവൻ സാധ്യതയു ്. കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിൽ ശക്തവും, അതി ശക്തവുമായ മഴയും, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ ശക്തമായ മഴയും ഇന്ന് ലഭിച്ചേക്കും. മഴ സംബന്ധിയായി കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് (നവംബർ 16) കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ മഞ്ഞ അലെർട്ട് പ്രഖ്യാപിച്ചിട്ടു ്.

ശക്തമായ കാറ്റിനെ തുടർന്ന് കടൽ പ്രക്ഷുബ്ധമാകാൻ സാധ്യതയുള്ളതിനാൽ

മൽസ്യത്തൊഴിലാളികൾ നവംബർ 16 വൈകുന്നേരം മുതൽ നവംബർ 20 വരെ അറബിക്കടലിലും, കേരള തീരത്തും, ലക്ഷദ്വീപ് ഭാഗത്തും, കന്യാകുമാരി ഭാഗത്തും ഗൾഫ് ഓഫ് മാന്നാറിലും ഒരുകാരണവശാലും മത്സ്യബന്ധനത്തിനായി പോകാൻ പാടുള്ളതല്ല. ഇതിനോടകം ഈ മേഖലയിൽ മത്സ്യബന്ധനത്തിനായി കടലിൽ പോയവരിലേക്ക് ഈ വിവരം അറിയിക്കുകയും അവരെ നവംബർ 16 ന് വൈകീട്ടോട് കൂടി അടുത്തുള്ള സുരക്ഷിതമായ തീരത്തെത്താൻ ആവശ്യപ്പെടുകയും ചെയ്യേ താണെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിട്ടിയും ജില്ലാ ദുരന്ത നിവാരണ അതോറിട്ടി ചെയർമാൻ ജില്ലാ കളക്ടറും അറിയിച്ചു.